എൻ4/32368/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി - 23/02/2019

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രിസം സോഫ്റ്റ്‌വെയർ - ഓണലൈൻ മുഖേന പെൻഷൻ അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച് -

സൂചന:- ഈ ഓഫീസിലെ 29/01/2019, 15/02/2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ

ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്നതനായി സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രിസം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നിവ നടത്തുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പാൾമാരെ/സ്ഥാപനമേധാവികളെ പ്രിസം സോഫ്റ്റ്‌വെയറിൽ Departmental User ആയി മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പാൾമാരെ/സ്ഥാപനമേധാവികളെ retiring Employee ആയി കൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും പ്രിൻസിപ്പാൾമാരെ/ സ്ഥാപനമേധാവികളെ Head of the office ആയി രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. ഇപ്രകാരം Head of the Office ആയി രജിസ്റ്റർ ചെയ്തിട്ടുള്ളവർ അസിസ്റ്റന്റ് നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് ആയത് റദ്ദ് ചെയ്യേണ്ടതും Departmental User ആയി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

ഒപ്പ്/-
കെ.ജയചന്ദ്രൻ
അക്കൗണ്ട്സ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ 23/02/2019

158674
GOVERNMENT OF KERALA 2017-18